പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1592 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|

## സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>„ വി. റ്റി. ബൽറാം<br>„ എ. റ്റി. ജോർജ്<br>„ എ. പി. അബ്ദുള്ളക്കുട്ടി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകളുടെ ഭാഗമായി ഷീ-ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി)ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന 23 ഷീ-ടോയ്‌ലറ്റുകളുടെ പ്രവർത്തനം തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇറാം സയിന്റിഫിക്ക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്നാണ് നടത്തുന്നത്. |
| (സി) എന്തെല്ലാം ആധുനിക സംവിധാനങ്ങളോടെയാണ് ഇവ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ; | (സി) നാപ്കിൻ വെന്റിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ ഷീ- ടോയ്‌ലറ്റിൽ ലഭ്യമാണ്. ഇതുകൂടാതെ പേയ്മെന്റ് കളക്ഷൻ, ഡോർ ഓപ്പണിംഗ്, ഫ്ളഷിംഗ്, പ്ലാറ്റ്ഫോം ക്ലീനിംഗ് എന്നിവ സ്വയം പ്രേരിതമായി പ്രവർത്തിക്കുന്നു. ജി.പി.ആർ.എസ് സാങ്കേതിക വിദ്യയുടെ സഹായത്താൽ പ്രവർത്തിക്കുന്നതിനാൽ ടോയ്‌ലറ്റിന്റെ പ്രവർത്തനത്തിലോ ജലസംഭരണിയിലോ, സെപ്റ്റിക് ടാങ്കിലോ എന്തെങ്കിലും തകരാറുകൾ ഉണ്ടായാൽ ഓട്ടോമാറ്റിക് ആയി എസ്.എം.എസ് കൺട്രോൾ റൂമിൽ എത്തുന്നതാണ്. |
| (ഡി) സംസ്ഥാനത്തിന്റെ എല്ലാ നഗരങ്ങളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) സംസ്ഥാനത്തിന്റെ എല്ലാ നഗരങ്ങളിലേക്കും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വനിതാ വികസന കോർപ്പറേഷൻ മുഖേന 25 ഷീ-ടോയ്‌ലറ്റുകൾക്കായുള്ള ഒരു പ്രപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ